നന്തൻകോട് നളന്ദ ഗവ.വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ വാർഡനെ നിയമിക്കാൻ നടപടി

322 (7291) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധാരാളം സ്ത്രീകളും കുട്ടികളും താമസിക്കുന്ന പി.ഡബ്ല്യു.ഡി.-യുടെ കീഴിലുള്ള നന്തൻകോട് നളന്ദ ഗവ. വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ വാർഡൻ ഇല്ലാത്തതുമൂലം സുരക്ഷാപ്രശ്നമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഹോസ്റ്റലിൽ 'ഗസ്റ്റ്' എന്ന പേരിൽ പുറത്തുനിന്നുള്ളവർ ആഴ്ചകളോളവും മാസങ്ങളോളവും താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പെൻഷൻ പറ്റിയവർ ഒഴിയാത്തതിനാലും ഒരാൾ ഒന്നിൽ കൂടുതൽ മുറികൾ കൈവശം വയ്ക്കുന്നതിനാലും മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവർ താമസിക്കുന്നതിനാലും അർഹരായ ജീവനക്കാർക്ക് പ്രവേശനം കിട്ടാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ, ഇതിനെതിരെ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തസ്തിക നിലവിൽ ഇല്ലെങ്കിലും ദിവസവേതന അടിസ്ഥാനത്തിൽ വാർഡനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതിയോടെ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഗസ്റ്റായി താമസിക്കുന്നുണ്ട്. അനുമതിയുള്ളതിൽ കൂടുതൽ ദിവസങ്ങളിൽ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്.

നന്ദാവനം ഒബ്സർവേറ്ററി കോമ്പൗണ്ട് കാർട്ടേഴ്സിൽ അറ്റകുറ്റപ്പണികൾ

323 (7294) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നന്ദാവനം ഒബ്സർവേറ്ററി കോമ്പൗണ്ട് കാർട്ടേഴ്സിൽ അറ്റകുറ്റപണികൾക്കായി ഈ സാമ്പത്തിക വർഷം എത്ര ലക്ഷം രൂപയാണ് അനുവദിച്ചത് ;

(ബി) അനുവദിച്ചതുക ഉപയോഗിച്ച് എന്തെല്ലാം അറ്റകുറ്റപ്പണികളാണ് ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly